"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നതവിദ്യാഭ്യാസവകുപ്പ് - കോവിഡ് 19 - സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 2021-22 അധ്യയന വർഷത്തെ ക്ലാസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

G.O.(Rt)No.715/2021/HEDN തീയതി,തിരുവനന്തപുരം, 31/05/2021

പരാമർശം:- 1 ബഹു. ഉന്നതവിദ്യാഭ്യാസവകുപ്പമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-05-2021-ന് ചേർന്ന യോഗത്തിലെ തീരുമാനം.

2 29-05-2021-ലെ സ.ഉ. (സാധാ) നം. 710/2021/ഉ.വി.വ നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

കോവിഡ്-19 നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പുറപ്പെടുവിച്ച പരാമർശം 2-ലെ സർക്കാർ ഉത്തരവിന്റെ 6-ാം മത്തെ ഖണ്ഡികയിൽ താഴെ പറയും പ്രകാരമുള്ള ഭേദഗതി വരുത്തി ഉത്തരവാകുന്നു.

" *ലോക് ഡൗൺ പിൻവലിക്കുകയോ നിയന്ത്രണങ്ങളിൽ ഇളവ് നൽകുകയോ ചെയ്യുന്ന മുറയ്ക്ക്, അടുത്ത പ്രവൃത്തി ദിനം എല്ലാ അധ്യാപകരും കോളേജുകളിൽ ഹാജരാകേണ്ടതാണ്. തുടർന്നുള്ള ദിവസങ്ങളിൽ വർക്ക് ഫ്രം ഹോം ആയി ക്ലാസ് എടുക്കേണ്ടതാണ്. ലോക് ഡൗൺ നിയന്ത്രണങ്ങൾ കാരണം യാത്രാ ബുദ്ധിമുട്ട് അനുഭവിക്കുന്ന അധ്യാപകർ പ്രിൻസിപ്പാൾമാരെ അക്കാര്യം അറിയിക്കേണ്ടതാണ്.*

മേൽ നിർദ്ദേശിച്ച ഭേദഗതികളോടെ പരാമർശം 2-ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Tharun Lal.s
Joint Secretary

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
3. സർവ്വകലാശാല രജിസ്ട്രാർമാർക്ക്
4. ഡയറക്ടർ LBS/IHRD/CCEK
5. www.highereducation.kerala.gov.in
6. I & PRD
7. സ്റ്റോക്ക് ഫയൽ/പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ